**കേരള സർക്കാർ**

ധനകാര്യ(ഭവന നിർമ്മാണ വായ്പ) വകുപ്പ്

**പരിപത്രം**

നം.30/2020/ധന

തിരുവനന്തപുരം, തീയതി:01/06/2020

വിഷയം:-സർക്കാർ ജീവനക്കാർക്കും അദ്ധ്യാപകർക്കും സബ്സിഡിയോടെയുള്ള ഭവന നിർമ്മാണ വായ്പ - 2020-21 സാമ്പത്തിക വർഷം ഭവന വായ്പയെടുക്കുന്നതിന് തുടർ നിർദ്ദേശം പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്.

സൂചന: 1)) സ.ഉ.(അച്ചടി) നം.105/2018/ധന തീയതി 05/07/2018.
2) സ.ഉ.(അച്ചടി) നം.143/2018/ധന തീയതി 11/09/2018.
3) പരിപത്രം നം.06/2019/ധന തീയതി 18/01/2019.

സൂചന 1 ഉത്തരവ് പ്രകാരം സർക്കാർ ജീവനക്കാർക്കും അദ്ധ്യാപകർക്കുമുള്ള ഭവന നിർമ്മാണ വായ്പ പരിഷ്കരിച്ചിട്ടുള്ളതും സൂചന 2 പ്രകാരം സബ്സിഡിയ്ക്ക് അർഹമായ പരമാവധി വായ്പതുക എന്നത് അടിസ്ഥാന ശമ്പളത്തിന്റെ 50 മടങ്ങ് (പരമാവധി 20 ലക്ഷം രൂപ) ആയിരിക്കണമെന്ന് ഉത്തരാവായിട്ടുള്ളതാണ്. ടി പദ്ധതി പ്രകാരം ഭവന നിർമ്മാണ വായ്പ എടുക്കുന്നതിനുള്ള വിശദമായ മാർഗ്ഗ നിർദ്ദേശം സൂചന 3 പ്രകാരം പുറപ്പെടുവിച്ചിട്ടുള്ളതാണ്. ആയതിനാൽ 2020-21 സാമ്പത്തിക വർഷവും മേൽ ഉത്തരവുകളിലെ വ്യവസ്ഥകൾക്ക് വിധേയമായി ഷെഡ്യൂൾഡ് കമേർഷ്യൽ ബാങ്കുകൾ/നോൺ ബാങ്കിംഗ് ഫിനാൻഷ്യൽ കോർപറേഷനുകൾ മുഖേനസർക്കാർ ജീവനക്കാർക്കും അദ്ധ്യാപകർക്കും ഭവന നിർമ്മാണ വായ്പ എടുക്കുന്നതിന് അനുമതി നൽകുന്നു.

രവികുമാർ.എൻ
അഡീഷണൽ സെക്രട്ടറി (ധനകാര്യം)

പകർപ്പ്:-

1) പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ജി&എസ്.എസ്.എ), കേരളം, തിരുവനന്തപുരം.
2) അക്കൗണ്ടന്റ് ജനറൽ (ഇ&ആർ.എസ്.എ) കേരളം, തിരുവനന്തപുരം
3) എല്ലാ വകുപ്പ് /ഓഫീസ് തലവൻമാർക്കും
4) എല്ലാ ജില്ലാ കളക്ടർമാർക്കും
5) സെക്രട്ടറിയേറ്റിലെ എല്ലാ വകുപ്പുകൾക്കും , സെക്ഷനുകൾക്കും.
6) നോഡൽ ഓഫീസർ, ധനകാര്യം (www.finance.kerala.gov.in)
7) ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് ഡയറക്ടർ, തിരുവനന്തപുരം.
8) കരുതൽ കോപ്പി/ ആഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Scanned with CamScanner